(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ഗുണഭോക്താക്കളിലും എത്തിക്കുന്നതിന് പബ്ലിസിറ്റി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) & (ബി) ഉണ്ട്. 31-3-2005 വരെ നടപ്പാക്കിവന്ന നാഷണൽ മറ്റേണിറ്റി ബെനഫിറ്റ് സ്കീമിന്റെ പരിഷ്കരിച്ച പതിപ്പാണ് ജനനി സുരക്ഷാ യോജന. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ 100% കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ പഞ്ചായത്തുകളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പത്തൊൻപതോ, അതിനു മുകളിലോ പ്രായമുള്ള സ്ത്രീകളുടെ ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് (ജീവനുള്ള കുഞ്ഞിനെ പ്രസവിക്കുമ്പോൾ) 700 രൂപവീതം ധനസഹായം നൽകുന്നതാണ്. ആശുപത്രികളിലുള്ള പ്രസവം പ്രോൽസാഹിപ്പിക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ആശുപത്രിയിലേക്കുള്ള യാത്രയ്ക്കുപയോഗിക്കൽ തുടങ്ങിയവയ്ക്കാണ് ഈ ധനസഹായം നൽകുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 3 കോടി രൂപയ്ക്കുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായാലുടൻ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്ത് ലഭ്യമാക്കിത്തുടങ്ങുന്നതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ പക്കൽ കുറഞ്ഞത് 1500 രൂപ കാഷ് അഡ്വാൻസ് ഉണ്ടായിരിക്കണം. ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് (ഗൈനക്കോളജിസ്റ്റ്/അനസ്തെറ്റിസ്റ്റ്) ഇല്ലാത്ത സമയത്ത് 1500 രൂപവരെ മുടക്കി സ്വകാര്യ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ബ്ലോക്കിലെ ഗവൺമെന്റ് ആശുപത്രിയിൽ പ്രസവശുശ്രൂഷയ്ക്ക് സൗകര്യമില്ലാത്ത സാഹചര്യത്തിൽ അംഗീകരിക്കപ്പെട്ട 2 സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാണ്.

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ മുഖേനയും വാർത്താമാദ്ധ്യമങ്ങളിൽക്കൂടിയും ഈ പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കൾക്ക് അറിവ് നൽകുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭാംഗങ്ങളുടെ പ്രഖ്യാപിത പദ്ധതികൾ

1 [2] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സർക്കാരിനു വേണ്ടി മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും എന്തെല്ലാം പുതിയ പദ്ധതികളും പരിപാടികളും പ്രഖ്യാപിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുഖ്യമന്ത്രിയും മന്ത്രിമാരും വിവിധ സന്ദർഭങ്ങളിലായി സർക്കാരിനു വേണ്ടി പ്രഖ്യാപിച്ച പദ്ധതികളും പരിപാടികളും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രഖ്യാപിത പദ്ധതികളുടെ വിശദവിവരവും അവ നടപ്പിലാക്കുന്നതിനായി അധിക വിഭവ സമാഹരണം നടത്തേണ്ടതായി വരുന്ന തുകയും എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 100 ദിവസത്തെ കർമ്മ പരിപാടിയും ഒരു വർഷത്തെ ആക്ഷൻ പ്ലാനും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. മറ്റു മന്ത്രിമാർ പ്രഖ്യാപിച്ച പരിപാടികളുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

(ബി) 100 ദിവസത്തെ കർമ്മപരിപാടി പൂർത്തീകരിച്ചു. ഒരു വർഷത്തെ ആക്ഷൻ പ്ലാൻ നടപ്പിലാക്കിവരുന്നു. 100 ദിവസത്തെ പൂർത്തീകരിച്ച പരിപാടിയുടെ വിശദവിവരം അനുബന്ധമായി† ചേർക്കുന്നു.

(സി) ഒരു വർഷത്തെ ആക്ഷൻ പ്ലാനിന്റെ വിശദവിവരം അനുബന്ധമായി† ചേർക്കുന്നു. അധിക വിഭവസമാഹരണം ആവശ്യമായി വരുന്നില്ല. ബഡ്ജറ്റിനുള്ളിൽ നിന്ന് നടപ്പിലാക്കാനാവുന്ന പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

തലസ്ഥാന വികസന പദ്ധതി

2 [3] *ശ്രീ. കെ. മോഹൻകുമാർ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരമേഖലയിൽ നടപ്പിലാക്കിവരുന്ന തലസ്ഥാന വികസന പദ്ധതിപ്രകാരം ഏറ്റെടുത്തിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ പൂർത്തിയാക്കിക്കഴിഞ്ഞവ ഏതെല്ലാം;

(സി) മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) ഇവ എന്നത്തേക്ക് പൂർത്തിയാക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) തലസ്ഥാന വികസന പദ്ധതി പ്രകാരമുള്ള വിവിധ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly